# KERALA POLICE INFORMATION CENTRE

Ph: 0471 2318188    Email: *info.pol@kerala.gov.in*

No.486/PR/PIC/PHQ/15                                        Date : 28.07.2015

---

## വാഹനാപകടങ്ങളിൽ പെടുന്നത് 25% കാറുകളും ജീപ്പുകളും; ഡ്രൈവർമാർ കൂടുതൽ ശ്രദ്ധ പുലർത്തണം - സംസ്ഥാന പോലീസ് മേധാവി

സംസ്ഥാനത്ത് 2014 ൽ ഉണ്ടായ വാഹനാപകടങ്ങളുടെ 25 ശതമാനവും കാറുകളും ജീപ്പുകളും ഉൾപ്പെട്ടതാണെന്നും അപകടങ്ങൾ ഒഴിവാക്കാൻ ഇവ ഓടിക്കുന്നവർ കൂടുതൽ ശ്രദ്ധ പുലർത്തണമെന്നും സംസ്ഥാന പോലീസ് മേധാവി ടി പി സെൻകുമാർ നിർദേശം നല്കി. 2014-ാം മാണ്ടിൽ കേരളത്തിലുണ്ടായ 36,282 വാഹന അപകട കേസുകളിൽ 9,169 എണ്ണം ഉണ്ടായത് കാറുകളും, ജീപ്പുകളും ഉൾപ്പെട്ട അപകടങ്ങളിലാണ്. ഈ അപകടങ്ങളിൽപ്പെട്ട് 829 പേർ മരിക്കുകയും 10,747 പേർക്ക് സാരമായ പരിക്കേൽക്കുകയും ചെയ്തു. അശ്രദ്ധ, അമിതവേഗത, അനവസരത്തിലുള്ള ഓവർടേക്കിങ്, മദ്യപിച്ചുകൊണ്ടുള്ള ഡ്രൈവിങ് എന്നിവയാണ് അപകടങ്ങൾക്ക് മുഖ്യകാരണം.

സംസ്ഥാനത്തെ റോഡുകളിൽ ഏറ്റവും അധികം വേഗതയിൽ പോകുന്ന വാഹനമാണ് കാർ. അശ്രദ്ധയോടെയുള്ള ഓവർടേക്കിങ്ങാണ് കാറപകടങ്ങളിൽ നല്ലൊരു പങ്കിനും കാരണം. ആയതിനാൽ സ്പീഡ് നിയന്ത്രിക്കുകയും, അപകടകരമായ ഓവർ ടേക്കിങ് ഒഴിവാക്കുകയും, സീറ്റ് ബെൽറ്റുകൾ നിർബന്ധമായും ഉപയോഗിക്കുകയും ചെയ്യണം.

കാറുകൾക്ക് മണിക്കൂറിൽ പോകാവുന്ന പരമാവധി വേഗത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കരികെ 30 കി.മീറ്ററും മലമ്പാതകളിൽ 45 കി.മീറ്ററും കോർപ്പറേഷൻ/മുനിസിപ്പൽ ഏരിയകളിൽ 50 കി.മീറ്ററും എൻ.എച്ച്.റോഡിൽ 85 കി.മീറ്ററും എസ്.എച്ച്.റോഡിൽ 80 കി.മീറ്ററും നാലുവരി പാതകളിൽ 90 കി.മീറ്ററും മറ്റു സ്ഥലങ്ങളിൽ 70 കി.മീറ്ററും ആണ്.

മണിക്കൂറിൽ 100 കിലോ മീറ്റർ വേഗതയുള്ള ഒരു വാഹനം ഒരു പ്രതലത്തിലിടിക്കുമ്പോൾ 12 നില കെട്ടിടത്തിൽ നിന്ന് താഴെ വീഴുന്ന ആഘാതമുണ്ടാക്കും. ഓവർടേക്കിങ് സമയത്ത് മറ്റൊരു വാഹനത്തെ ഇടിയ്ക്കുമ്പോൾ ആഘാതം രണ്ടു വാഹനത്തിന്റെയും വേഗതയുടെ ആകെ തുകയാണ്. ആയതിനാൽ അമിത വേഗത്തിൽ വാഹനമോടിക്കരുത്.

മറ്റ് വാഹനങ്ങളെ അവയുടെ വലതു വശത്തുകൂടി മാത്രം മറികടക്കണം. എതിർദിശയിൽ നിന്ന് വരുന്ന വണ്ടികൾക്ക് സൗകര്യപ്രദമായി പോകുവാൻ ആവശ്യമായ വഴി ഉള്ളയിടത്തു മാത്രമേ ഓവർടേക്കിങ് നടത്താവൂ. മറ്റ് വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് നൽകുന്ന മുന്നറിയിപ്പ് അനുസരിച്ച് പ്രതികരിക്കാൻ സമയം നൽകണം.

മദ്യപിച്ച് വാഹനം ഓടിക്കൽ കാർ ഡ്രൈവർമാരിലും, ജീപ്പ് ഡ്രൈവർമാരിലും സാമാന്യേന കൂടുതലാണ്. മദ്യപിച്ച ശേഷം ഒരു കാരണവശാലും വാഹനമോടിക്കരുത്.

വാഹനം ഓടിക്കുമ്പോൾ ഡ്രൈവർ മൊബൈൽ ഫോൺ ഉപയോഗിക്കരുത്. ഒന്നുകിൽ വാഹനം റോഡരുകിൽ നിർത്തിയതിനുശേഷം മൊബൈൽ ഫോൺ ഉപയോഗിക്കണം. അല്ലെങ്കിൽ ഡ്രൈവ് ചെയ്യുന്ന സമയം മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്യണം.

നല്ലൊരു ഭാഗം കാറപടകങ്ങൾ, കുടുംബസമേതം പോകുന്ന വണ്ടികളിൽ (പ്രത്യേകിച്ചും, രാത്രി യിലുള്ള സമയത്ത്) ഉണ്ടാകുന്നവയാണ്. വാഹനം ഓടിക്കുന്ന ആൾ കാറിനുള്ളിലെ സംഭാഷണങ്ങളിലും മറ്റും മുഴുകുന്നതും ഡ്രൈവിങ്ങിൽ ശ്രദ്ധ തെറ്റുന്നതുമാണ് ഇതിനു മുഖ്യ കാരണം. വാഹനം ഓടി ക്കുന്ന ഡ്രൈവർമാർ ഒരു കാരണവശാലും വാഹനത്തിനുള്ളിലെ കളികളിലും, സംഭാഷണങ്ങളിലും ചേർന്ന് അശ്രദ്ധമായി വാഹനം ഓടിക്കരുത്.

രാത്രികാലങ്ങളിൽ, പ്രത്യേകിച്ച് 12 മണിയ്ക്ക് ശേഷവും, കാലത്ത് 6 മണിക്ക് മുൻപായും ഉണ്ടാ കുന്ന അപകടങ്ങൾക്ക് പ്രധാന കാരണം കാർ ഓടിക്കുന്ന ഡ്രൈവർമാർ ഉറങ്ങിപ്പോകുന്നതാണ്. ഇതൊ ഴിവാക്കാൻ ഒന്നുകിൽ രാത്രികാലങ്ങളിൽ വാഹനമോടിച്ച് നല്ല പരിചയമുള്ള ഡ്രൈവർമാരെ ഉപയോ ഗിക്കുകയോ, അതുമല്ലെങ്കിൽ ഉറക്കം വരുന്ന സമയം തന്നെ വാഹനം ഓടിക്കൽ നിർത്തി ഉറങ്ങിയു ണർന്നശേഷം മാത്രം വാഹനം ഓടിക്കുകയോ ചെയ്യണം. ശാരീരികക്ഷമത ഇല്ലാത്ത അവസരങ്ങളിൽ ക്ഷീണം മാറിയതിനുശേഷം മാത്രം വാഹനം ഓടിക്കുക.

ചെറിയ റോഡിൽ നിന്ന് മെയിൻ റോഡിലേക്ക് കയറുമ്പോഴും ട്രാഫിക് റൗണ്ട് എബൗട്ടുകൾ തിരിയുമ്പോഴും റൈറ്റ് ഓഫ് വേ മനസ്സിലാക്കി പെരുമാറണം. വലതു വശത്തു നിന്നും വരുന്ന വാഹന ങ്ങളെ ആദ്യം കടന്നു പോകുവാൻ അനുവദിക്കണം. രാത്രിയിൽ നഗരാതിർത്തിയിൽ ഡിം ലൈറ്റ് മാത്രമേ ഉപയോഗിക്കാവൂ. മറ്റുള്ള ഇടങ്ങളിൽ എതിർവശത്തു നിന്നുവരുന്ന വാഹനങ്ങൾക്ക് ലൈറ്റ് ഡിം ചെയ്ത് കൊടുക്കണം.

ഒരു അപകടം ഒഴിവാക്കേണ്ടതിനു വേണ്ടിയല്ലാതെ യാതൊരു കാരണവശാലും സഡൻ ബ്രേക്ക് ചെയ്ത് നിർത്തരുത്. റോഡിന്റെ നടുക്ക് വണ്ടി നിർത്തി ആളുകളെ കയറ്റുകയോ ഇറക്കുകയോ ചെയ്യ രുത്. ട്രാഫിക് സിഗ്നലുകൾ ഉള്ള പോയിന്റുകളിൽ സിഗ്നലുകൾക്ക് അനുസൃതമായി ശ്രദ്ധയോടെ വേണം വണ്ടി എടുക്കുവാൻ. കാൽനട യാത്രക്കാരോ, ഇരുചക്ര വാഹനങ്ങളോ വണ്ടിക്ക് മുൻപിൽപ്പെട്ടി ട്ടുണ്ടോയെന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

റോഡിന്റെ മദ്ധ്യഭാഗത്ത് തുടർച്ചയായ വരയുണ്ടെങ്കിൽ ആ വര ക്രോസ് ചെയ്യരുത്. നിർത്തി യിട്ടിരിക്കുന്ന വാഹനങ്ങളെ കയറി പോകുമ്പോൾ അതിന്റെ മുന്നിൽ നിന്നോ, പിന്നിൽ നിന്നോ കാൽനട ക്കാർ റോഡ് മുറിച്ചു കടക്കാൻ ശ്രമിക്കുന്നത് പരമാവധി ശ്രദ്ധിക്കണം. വാഹനം പുറകോട്ട് എടുക്കുന്ന സമയം പിൻവശത്ത് ആരും ഇല്ലെന്ന് ഉറപ്പുവരുത്തുക. പുറകിലുള്ള വാഹനം ഓവർടേക്ക് ചെയ്യാൻ സമ്മതിക്കുന്നതിനുള്ള സൂചനയായി റൈറ്റ് ഇൻഡിക്കേറ്റർ ഓൺ ചെയ്യുന്നത് തെറ്റാണ്. വാഹനത്തിൽ തേയ്മാനം സംഭവിച്ച ടയറുകൾ ഉപയോഗിക്കരുത്.

വാഹനം ഓടിക്കുമ്പോൾ ഡ്രൈവിങ് ലൈസൻസ് ഒറിജിനലും, വാഹനത്തിന്റെ മറ്റ് രേഖകളും കൈവശം സൂക്ഷിക്കണം. ഇക്കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് ഗതാഗത വകുപ്പിന്റെയും മറ്റു ഗവൺമെന്റിതര സംഘടനകളുടെയും സഹകരണം തേടണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.